

# ‘‘അപ്പസ്തോലൻമാർ കർത്താവിനോടു പറഞ്ഞു: ഞങ്ങളുടെ വിശ്വാസം വർദ്ധിപ്പിക്കണമേ!’’

(ലൂക്കാ: 17:5)

## ആമുഖം

നാമോരോരുത്തരും ദൈവത്തെ അറിയാനും സ്നേഹിക്കാനും ശുശ്രൂഷിക്കാനുമുള്ള യാത്രയിലാണ്. ഈ യാത്ര ദൈവകൃപയുടെയും നമ്മുടെ സഹകരണത്തിന്റെയും പങ്കാളിത്തമാണ്.എങ്കിലും നമ്മുടെ സഹകരണം അനുകൂലമായും അല്ലാതെയും മാറിമാറി വരുന്നതുമൂലം പങ്കാളിത്തത്തിന് ഏറ്റക്കുറച്ചിലുണ്ടാകുന്നു. ഈ അവസ്ഥയിൽ വരുംമാസങ്ങളിൽ നാം സുകൃതങ്ങളെക്കുറിച്ച് വിചിന്തനം ചെയ്യുന്നു. “നന്മ ചെയ്യുന്നത് ശീലമാക്കിയ സുസ്ഥിരമായ മനോഭാവമാണ് സുകൃതം’’ (കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം - 1803) സുകൃതങ്ങളിലുള്ള വളർച്ച ദൈവവുമായുള്ള ബന്ധം ക്രമാനുഗതം ആഴപ്പെടുന്നതിനു സഹായകമാണ്. ആദ്യ മൂന്നു മാസങ്ങളിൽ നാം ദൈവികസുകൃതങ്ങളായ വിശ്വാസം, പ്രത്യാശ, സ്നേഹം എന്നിവയിൽ സവിശേഷ ശ്രദ്ധ ഊന്നും, തുടർന്ന് മൗലികസുകൃതങ്ങളായ വിവേകം, നീതി, മനഃസ്ഥൈര്യം, സംയമനം എന്നിവയിലും. ദൈവികസുകൃതങ്ങൾ നമ്മുടെ ആത്മാവിൽ ദൈവത്താൽ നിവേശിപ്പിക്കപ്പെടുന്നു; എങ്കിലും നാം പ്രാർത്ഥിക്കുകയും അവയോടു സഹകരിക്കുകയും വേണം. എന്നാൽ മൗലികസുകൃതങ്ങൾ നമ്മുടെ നിരന്തരമായ പരിശ്രമംകൊണ്ട് സമ്പാദിക്കാവുന്ന മാനുഷികസുകൃതങ്ങളാണ്. ഈ മാനുഷികസുകൃതങ്ങളുടെ സമ്പാദനത്തിൽ സ്ഥിരതയുണ്ടാകുന്നതിന് ദൈവകൃപയാൽ ശുദ്ധീകരിക്കപ്പെടുകയും ഉയർത്തപ്പെടുകയും വേണം. സുകൃതങ്ങളെക്കുറിച്ചുള്ള ഈ വിചിന്തനം തങ്ങളുടെ ആത്മീയ യാത്രയിൽ ഓരോ ജീസസ് യൂത്തും കൂടുതൽ സ്ഥിരതയുള്ളവരും ദൃഢചിത്തരുമാകാനും അവിടത്തേക്കു സദൃശരാകാനും സഹായകമാകുമെന്നു കരുതുന്നു.

## വിചിന്തനം

സഭാപാരമ്പര്യത്തിൽ പ്രത്യാശ, സ്നേഹം എന്നീ സുകൃതങ്ങളോടൊപ്പം മറ്റൊരു ദൈവികസുകൃതമായി വിശ്വാസം ഗണിക്കപ്പെടുന്നു. ക്രൈസ്തവരെന്ന നിലയിൽ നാം വിശ്വസിക്കുന്നതെന്തോ അതു സർവപ്രധാനമാണ്. എല്ലാ ഞായറാഴ്ചകളിലും നാം പൊതുവായി ഉയർത്തിപ്പിടിക്കുന്നതും നമ്മെ പരസ്പരം ഒന്നിച്ചുചേർക്കുന്നതുമായ വിശ്വാസം - വിശ്വാസപ്രമാണത്തിലൂടെ ഏറ്റുപറയുന്നു. അതേസമയംതന്നെ നാം വിശ്വസിക്കുന്നതല്ല വിശ്വാസം. അത് ഹൃദയസ്പന്ദനംപോലെ വ്യക്തിയുടെ അഗാധതയിലുള്ള ഒരു പ്രവൃത്തികൂടിയാണ്. ഈ ആന്തരിക പ്രവൃത്തിയില്ലെങ്കിൽ ബൗദ്ധികമോ, ആദർശപരമോ, ഉപരിപ്ലവമോ, വികാരപരമോ ആയ ചില കാര്യങ്ങളിൽ നാം കടിച്ചുതൂങ്ങുക മാത്രമാവും ചെയ്യുക.

എന്നെ മുഴുവനായും ഉൾചേർക്കുന്ന വ്യക്തിപരമായ ഒരു പ്രവൃത്തിയാണ് വിശ്വാസം. ‘ഞാൻ വിശ്വസിക്കുന്നു’ എന്ന് ഏറ്റുചൊല്ലുന്നതിലൂടെ അചഞ്ചലമായ ആശ്രയത്വത്തിൽ എന്നെത്തന്നെ നിരുപാധികം പരിത്യജിക്കുന്നു. ‘നിന്റെ വാക്ക് എന്നിൽ

നിറവേറട്ടെ' (ലൂക്കാ 1,38) എന്നു മൊഴിഞ്ഞ മറിയത്തെപ്പോലെ ഞാനും സർവാത്മനാ അത് ആഗ്രഹിക്കുന്നു. ഈ അടിയറവുവയ്ക്കൽ പ്രഥമത ഒരു ജീവിത തത്വശാസ്ത്രത്തിനോ, ധാർമ്മിക മാനദണ്ഡത്തിനോ, പാരമ്പര്യത്തിനോ അല്ല. ഞാൻ മറ്റൊരാളോടാണ്, 'ഇതാ' എന്നു പറയുന്നത്, പിതാവും പുത്രനും പരിശുദ്ധാത്മാവുമാണ് ആ ആൾ. ഓരോ ദിവസവും, എല്ലാ ദിവസവും, നമുക്കു ദൈവത്തോടു പുലർത്താവുന്ന സജീവമായ ബന്ധം വിശ്വാസത്തിന്റെ വ്യക്തിഗതമായ ഈ 'ഇതാ' മൂലം സാധ്യമാവുകയും നിലനിൽക്കുകയും ചെയ്യുന്നു.

യേശുവിന്റെ പുനരുത്ഥാനത്തിൽ വിശ്വസിച്ചതുമുതലാണ് ശിഷ്യന്മാർ വിശ്വാസം പരിശീലിച്ചു തുടങ്ങിയത്. സുവിശേഷപ്രകാരം യേശുവിന്റെ മരണം സകലർക്കും ഗോചരമാണ്. ഭൂമിയുടെമേൽ അന്ധകാരം വ്യാപിച്ച മണിക്കൂറിൽ (മത്താ. 27,45) കുരിശിൽ ആണികളാൽ തറയ്ക്കപ്പെട്ട മനുഷ്യന്റെ അവമാനത്തിനും ലജ്ജാകരമായ മരണത്തിനും ജനക്കൂട്ടം സാക്ഷ്യംവഹിച്ചു. എന്നാൽ, ഉത്ഥാനം വ്യത്യസ്തമായിരുന്നു. അവിടത്തെ ഉയിർത്തെഴുന്നേല്പിന്റെ നിമിഷത്തിന് ആരും സാക്ഷ്യംവഹിച്ചില്ല. രാവിന്റെ അജ്ഞാതവും നിഗൂഢവുമായ മണിക്കൂറിൽ വലിയ പ്രകാശം ഭൂമിയുടെമേൽ ഉദിച്ചു. ഓരോ ക്രൈസ്തവനും വ്യക്തിതലത്തിലുള്ള വിശ്വാസം വഴി അവിശ്വാസത്തിൽനിന്നും വിശ്വാസത്തിലേക്കുള്ള തന്റെ ഹൃദയത്തിന്റെ രൂപാന്തരീകരണത്തിലൂടെ മാത്രമാണ് ഉത്ഥാനത്തെക്കുറിച്ച് അറിയുക. യേശു മരണത്തിൽനിന്ന് ഉയിർത്തെഴുന്നേറ്റതിനുശേഷം, അവിടത്തെ ശിഷ്യൻമാർ വിശ്വാസത്തിലൂടെ ഉത്ഥാനം വ്യക്തിപരമായി അനുഭവിക്കുകയും അതിൽ വിശ്വസിക്കുകയും പങ്കുചേരുകയും ചെയ്യുന്നതുവരെ മ്ളാനവദനരായി ചുറ്റിനടന്നു. (ലൂക്കാ 24, 17) ഉത്ഥാനാനുഭവം സ്വന്തമാക്കിയ അവരുടെ ഹൃദയങ്ങൾ ജ്വലിച്ചു: അവർ ഉദ്ഘോഷിച്ചു: "കർത്താവ് സത്യമായും ഉയിർത്തെഴുന്നേറ്റു'' (ലൂക്കാ 24, 34)

നമുക്കും, വിശ്വസിക്കുന്നതിന് യേശുവിന്റെ ഉത്ഥാനരഹസ്യത്തോട് നിരന്തരമായ വ്യക്തിഗത ഐക്യപ്പെടലും പങ്കാളിത്തവും ആവശ്യമാണ്. അപ്പസ്തോലനായിരിക്കെത്തന്നെ പൗലോസ്ശ്ളീഹാ യേശുവിന്റെ ഉത്ഥാനാനുഭവത്തിനായി വാഞ്ഛിക്കുന്നു. "അവനെയും അവന്റെ പുനരുത്ഥാനത്തിന്റെ ശക്തിയെയും ഞാൻ അറിയുന്നതിനും അവന്റെ സഹനത്തിൽ പങ്കുചേരുന്നതിനും ..... വേണ്ടിയാണ്'' (ഫിലി 3, 10) ദൈനംദിന ജീവിതത്തിൽ വിശ്വാസംമൂലം ഹൃദയത്തിലെ യേശുവിന്റെ ഉത്ഥാനത്തിന്റെ ശക്തിയാൽ മരണവും ദുഃഖവും നിരാശയും സമൂലം നമ്മിൽ സൂക്ഷ്മ പരിശോധനയ്ക്കു വിധേയപ്പെടുന്നു. പവിത്രീകരിക്കുന്ന പരിശുദ്ധാത്മാവ് നമ്മുടെയുള്ളിലെ മൃത്യു ഇടങ്ങൾ, വിശ്വാസത്തിലൂടെ ക്രിസ്തുവിന്റെ ഉത്ഥാനത്തിന്റെ പ്രകാശം ഇനിയും കൈയടക്കാത്ത കല്ലറകൾ, നമുക്കു വെളിപ്പെടുത്തിത്തരുന്നു. അവിടെ ആ ഇരുണ്ട താഴ്‌വരകളിൽ, യേശു നമ്മെ സ്വീകരിക്കുന്നു; ഒരു ഇരുട്ടും തനിക്കു ദുരീകരിക്കാനാവാത്തതല്ലെന്നു നമുക്ക് ഉറപ്പു തരുന്നു. അവിടെ അവിടത്തെ മഹത്വം ദർശിക്കാൻ നാം വിശ്വാസം വിനിയോഗിക്കുക മാത്രം ചെയ്താൽ മതി. മറ്റുള്ളവരോടോ എന്നോടോ ക്ഷമിക്കാതിരിക്കുന്നത്, ജീവിതത്തിലുള്ള നിർവ്വികാരതയും മരവിപ്പും, എന്റെ ഭാവിക്കുവേണ്ടിയുള്ള കർത്താവിന്റെ നല്ല പദ്ധതിയിലുള്ള അവിശ്വാസം, അധികാരം ഭരണം നടത്തുന്ന മറ്റു വഴികൾ എന്നിവയിലെല്ലാം 'ഞാൻ വിശ്വസിക്കുന്നു' എന്ന വ്യക്തിപരമായ വിശ്വാസപ്രവൃത്തിമൂലം എന്റെയുള്ളിൽ വിസ്മയാവഹമായ കാര്യങ്ങൾ ചെയ്യാൻ കർത്താവിനെ അനുവദിക്കുന്നു. അപ്പോൾ ശപിക്കപ്പെട്ടവയെല്ലാം അനുഗ്രഹത്തിന്റെ നിർഝരിയാവും; ദുഃഖമെല്ലാം അതിരറ്റ ആനന്ദമായി മാറും.

ജീവിതംകൊണ്ടും നിരന്തരമായ മാപ്പേകൽ മൂലവും തനിക്കു സാക്ഷികളാകേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് അവിടന്ന് ശിഷ്യൻമാരെ ആഹ്വാനം ചെയ്തപ്പോൾ തങ്ങളുടെ ദരിദ്രാവസ്ഥ അവർക്കു ബോധ്യപ്പെട്ടു. നിസഹായരായി അവർ നിലവിളിച്ചു: "ഞങ്ങളുടെ വിശ്വാസം വർദ്ധിപ്പിക്കണമെ'' (ലൂക്കാ 17,5). അപ്പസ്തോലൻമാരുടെ പ്രാർത്ഥന നമ്മുടേതുമാക്കാം; നമുക്കതാവശ്യവുമാണ്. ഹൃദയംഗമമായ പ്രാർത്ഥന നമ്മുടെ വിശ്വാസത്തെ ഉജ്ജ്വലിപ്പിക്കും. വിശുദ്ധ അൽഫോൺസ് ലിഗോരി പറയുന്നത്, "കൂടുതൽ പ്രാർത്ഥിക്കുന്നവന് കൂടുതൽ ലഭിക്കുന്നു'' എന്നാണ്. വിശ്വാസം നമ്മിൽ ആകസ്മികമായി വളരില്ല; പ്രത്യുത, പ്രതീക്ഷാനിർഭരമായ പ്രാർത്ഥനയിലൂടെ മാത്രം. തീക്ഷ്ണതയുള്ള പ്രാർത്ഥനയിലൂടെ വിശ്വാസജീവിതത്തിലെ എല്ലാ വെല്ലുവിളികളെയും - എല്ലാ സംശയങ്ങളെയും, അന്ധകാരത്തെയും, അലട്ടുന്ന വികാരങ്ങളെയും പലവിചാരങ്ങളെയും നാം മറികടക്കും.

ഓരോ ദിവസവും, എല്ലാ ദിവസവും ബോധപൂർവവും സ്ഥിരോത്സാഹത്തോടെയും വ്യക്തിപരമായ വിശ്വാസം അഭ്യസിക്കുന്നതിലൂടെ നാം ഉത്ഥാനത്തിന്റെ വിശ്വാസയോഗ്യമായ സാക്ഷികളായിത്തീരും; നാം സഹകൂട്ടാളികളാകും; നാം യേശുവിന്റെ ഉത്ഥാനം നേരിട്ടറിയുന്നവരാകും. കാരണം, അതു നമ്മുടെയുള്ളിൽ അനാവൃതമാകുന്നു. ദൈവത്തിനു തന്നെത്തന്നെ പൂർണ്ണമായി അടിയറവുവച്ച മറിയത്തെ അനുകരിച്ച് മഹത്തരമായ അചഞ്ചല വിശ്വാസികളാകാൻ യത്നിക്കുമ്പോൾ, അവിടത്തോടൊപ്പം സ്വർഗത്തിൽ നവവും നിത്യവുമായ ജീവന്റെ തികവു പ്രാപിക്കുന്നതുവരെ കർത്താവിന്റെ ഉത്ഥാനശക്തി നമ്മുടെ ഹൃദയത്തെ രൂപാന്തരപ്പെടുത്തും. അതിനായി നമുക്ക് ഇടവിടാതെ പ്രാർത്ഥിക്കാം, "കർത്താവേ ഞങ്ങളുടെ വിശ്വാസത്തെ വർദ്ധിപ്പിക്കണമെ.''

## വിശുദ്ധന്റെ മൊഴി

"വിശ്വാസം സൂര്യവെളിച്ചത്തിന്റെ പ്രഭാപൂർണ്ണമായ ഒരു കിരണത്തിനു സദൃശ്യം: സകലത്തിലും ദൈവത്തെ ദർശിക്കാനും സകലതും ദൈവത്തിൽ ദർശിക്കാനും അതു നമ്മെ പ്രാപ്തരാക്കുന്നു.'' വിശുദ്ധ ഫ്രാൻസിസ് ദ് സാലസ്